"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പ്ലാൻ സ്കീം 2023-24 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - ആലപ്പുഴ കളക്ടറേറ്റ് നവീകരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1247/2024/RD തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:-

1. 28.04.2021 തീയതിയിലെ സ.ഉ (പി) നം. 67/2021/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 17.01.2022 തീയതിയിലെ സ.ഉ (പി) നം. 7/2022/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 02.09.2022 തീയതിയിലെ സ.ഉ (പി) നം. 104/2022/ധന നമ്പർ സർക്കാർ ഉത്തരവ്.
4. 08.09.2023 തീയതിയിലെ സ.ഉ (സാധാ) നം. 3258/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
5. ആലപ്പുഴ ജില്ലാ കളക്ടറുടെ 14.05.2024 തീയതിയിലെ ഡിസിഎഎൽപി/1260/2023-എ8 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ മറ്റ് റവന്യൂ ഓഫീസുകളുടെ നിർമ്മാണം/നവീകരണം എന്ന പ്രവൃത്തിയിലുൾപ്പെടുത്തി ആലപ്പുഴ കളക്ടറേറ്റ് നവീകരണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി പരാമർശം 4-ലെ ഉത്തരവ് പ്രകാരം നൽകുകയും കൂടാതെ നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ തെരഞ്ഞെടുക്കുകയും ചെയ്യുകയുണ്ടായി.

2] പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ള സാഹചര്യത്തിൽ മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ടെന്നും എന്നാൽ സർക്കാർ അക്രഡിറ്റഡ് ഏജൻസികളെക്കൊണ്ട് പ്രവൃത്തി നിർവ്വഹിച്ചാൽ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രം തുക അനുവദിച്ച് നൽകിയാൽ മതിയാകുമെന്നതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി സ്ഥാനത്തു നിന്നും പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി പകരം ജില്ലാ നിർമ്മിതി കേന്ദ്രത്തെ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 5-ലെ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ

കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ മറ്റ് റവന്യൂ ഓഫീസുകളുടെ നിർമ്മാണം/നവീകരണം എന്ന പ്രവൃത്തിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലപ്പുഴ കളക്ടറേറ്റ് നവീകരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിന് പകരം ആലപ്പുഴ ജില്ലാ നിർമ്മിതി കേന്ദ്രത്തെ തെരഞ്ഞെടുത്ത് ഇതിനാൽ ഉത്തരവാകുന്നു.

4] പരാമർശം 4-ലെ സർക്കാരുത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവരപൊതുജന സമ്പർക്ക് വകുപ്പ് (വെബ് & ന്യൂ മീഡിയ വിഭാഗം)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 01-06-2024 10:42:41